# അറബി പെൺകഥകളിലെ പ്രമേയപരിസരം

**ഡോ. മുഹമ്മദ് ബഷീർ കെ. കെ.**
അസോസിയേറ്റ് പ്രൊഫസർ,
പി.ടി.എം. ഗവ. കോളേജ്, പെരിന്തൽമണ്ണ
Email: mbkunnummal@gmail.com

**സംഗ്രഹം**

അറബിസാഹിത്യത്തിലെ പ്രമുഖ എഴുത്തുകാരികളുടെ കഥകളിലെ വൈവിധ്യമാർന്ന പ്രമേയങ്ങൾ കണ്ടെടുത്ത് അവയുടെ പൊതുസവിശേഷതകളെയും പ്രവണതകളെയും സംബന്ധിച്ച് നിഗമനം രൂപപ്പെടുത്താനാണ് ഈ പഠനത്തിൽ ശ്രമിക്കുന്നത്. പ്രമേയങ്ങൾ അവയുടെ ബാഹ്യരൂപത്തിൽ വ്യത്യസ്തത പുലർത്തുമ്പോഴും സ്ത്രീജീവിതാനുഭവം എന്ന ആന്തരികസത്തയിൽ അവ ഏകോപിക്കുന്നതായി പഠനം തിരിച്ചറിയുന്നു.

**താക്കോൽവാക്കുകൾ:** മേൽ-കീഴ്ബന്ധങ്ങൾ-ആണധികാരം-സ്വത്വപ്രതിസന്ധി-ശരീരഭാഷ-ലിംഗവിവേചനം-ചലനാത്മകത - പൊതുവിടം- നിർബന്ധപ്രവാസം

ഈജിപ്ത്, ലബനോൺ, ഇറാഖ്, പലസ്തീൻ, ജോർദാൻ, സിറിയ, സഊദി അറേബ്യ, യു.എ.ഇ., ബഹറൈൻ, ഒമാൻ, കുവൈത്ത്, യമൻ, അൾജീരിയ, ലിബിയ, സുഡാൻ, മൊറോക്കോ എന്നീ രാജ്യങ്ങളിലെ ശ്രദ്ധേയരായ എഴുത്തുകാരികളുടെ പ്രധാന കഥകൾ വിശകലനം ചെയ്ത് അവയുടെ പ്രമേയസവിശേഷതകളെ സംബന്ധിച്ച് നിഗമനങ്ങൾ രൂപപ്പെടുത്താനാണ് ഈ പഠനം ശ്രമിക്കുന്നത്.

**സൽവ ബക്കർ**

ഈജിപ്തിന്റെ രാഷ്ട്രീയ സാമൂഹികമാറ്റങ്ങളും ഇസ്രായേൽ യുദ്ധവും സാധാരണക്കാരിൽ സാമാന്യമായും സ്ത്രീകളിൽ സവിശേഷമായും ഉണ്ടാക്കിയ പ്രത്യാഘാതങ്ങളും സംഘർഷങ്ങ

 ISSN: 2582 - 2594

ളുമാണ് ബക്കറിന്റെ എഴുത്തിന് ഇന്ധനമാകുന്നത്. സ്ത്രീയുടെയും പുരുഷന്റെയും വിമോചനം എന്ന ലക്ഷ്യസാക്ഷാത്കാരത്തിന് അവർ തന്റെ എഴുത്തിനെ ആയുധമാക്കുന്നു. ഈജിപ്ഷ്യന്റെ ചരിത്രം അവരുടെ Black Elephant in the white shoes, The golden Chariot does not ascend to heaven തുടങ്ങിയ നോവലുകൾക്ക് പശ്ചാത്തലമാണെങ്കിലും ചരിത്രത്തിന്റെ പുനരാവർത്തനമല്ല അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെയാണ് അവർ ചിത്രീകരിക്കുന്നത്. ഈജിപ്തിലെ രാഷ്ട്രീയ ഇസ്‌ലാം; നിരന്തര പോരാട്ടങ്ങളിലൂടെ സ്ത്രീകൾ നേടിയ വിദ്യാഭ്യാസത്തിനും തൊഴിലിനും സ്വതന്ത്ര ജീവിതത്തിനും ഒക്കെയുള്ള അവകാശങ്ങളെ ഹനിക്കുമെന്നും അവർ വീണ്ടും കുടുംബവ്യവസ്ഥയ്ക്കകത്തും ലൈംഗികവസ്തുവെന്ന നിലക്കും ചുരുക്കപ്പെട്ടുമോയെന്നും ഉള്ള ഉത്കണ്ഠയും അവരുടെ എഴുത്തിൽ പ്രകടമാണ്. അതോടൊപ്പം വസ്തുനിഷ്ഠവും ശാസ്ത്രീയവുമായ ചരിത്രരചനയെ മാറ്റിനിർത്തി അവിടെ മതപരമായ മിത്തുകൾ പകരം വെയ്ക്കുന്ന വ്യാജ ചരിത്രനിർമ്മിതിയിലും അവർ അസ്വസ്ഥയാകുന്നു.

**അലിഫ റിഫാത്ത് (ഫാത്തിമറിഫാത്ത്)**

1960-1970 കാലഘട്ടത്തിൽ സ്ത്രീപക്ഷ ചിന്തകൾ കഥയിലൂടെ പങ്കുവെച്ച ആദ്യ ഈജിപ്ഷ്യൻ എഴുത്തുകാരി. മതഗ്രന്ഥങ്ങളെ നിഷേധിക്കാതെയും അവയിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ടും അവർ കഥകൾ എഴുതി. ഈജിപ്തിലെ സ്ത്രീകളെ അനിതരസാധാരണമായ കാഴ്ചപ്പാടിലൂടെ നോക്കിക്കാണുകയും അവരുടെ ചിന്തയും സ്വപ്നങ്ങളും വൈകാരിക ജീവിതവും തിരിച്ചറിഞ്ഞ് ചിത്രീകരിക്കുകയും ചെയ്തു. സ്ത്രീയുടെ വൈകാരിക സംതൃപ്തിക്കുള്ള ആവശ്യങ്ങളെയോ ലൈംഗികതയെയോ പരിഗണിക്കാത്ത നാട്ടുനടപ്പുകളെ അവർ ചോദ്യം ചെയ്തു. സ്ത്രീലൈംഗികതയെക്കുറിച്ചുള്ള തുറന്നതും സ്വകാര്യവുമായ ആഖ്യാനങ്ങൾ അവരെ വിവാദനായികയാക്കി. ഗ്രാമീണജീവിതം, ഏകാന്തത, പുരുഷനിൽ നിന്നേൽക്കേണ്ടി വരുന്ന മാനസികാഘാതങ്ങൾ, വൈവാഹിക ജീവിതത്തിൽ നിഷേധിക്കപ്പെടുന്ന സ്ത്രീയുടെ അവകാശങ്ങൾ, വൈകാരികവും ശാരീരികവുമായ പീഡനങ്ങൾ, അടിച്ചമർത്തലുകൾ, ലൈംഗികത, മരണം, സ്ത്രീയുടെ ആന്തരിക ജീവിതം, ആണധികാരം എന്നിവയെല്ലാമാണ് കഥകളുടെ പ്രമേയപരിസരം. മരണത്തെക്കുറിച്ചുള്ള അവരുടെ ആഖ്യാനങ്ങളിലെ വ്യത്യസ്തതയും വൈവിധ്യവും പ്രത്യേകം ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്.

**റദ്‌വ ആഷർ**

യുദ്ധാനന്തര ഈജിപ്തിലെ ധീരവും ശക്തവുമായ ശബ്ദമാണ് ആഷറിന്റേത്. പിറന്ന ദേശത്തിന്റെ ചരിത്രത്തോട് ഏറെ വൈകാരികമായി ഇടപെടുന്നവയാണ് അവരുടെ കഥകൾ. തന്നെപ്പോലുള്ള അനേകായിരങ്ങൾക്കു വേണ്ടിയും തനിക്കുവേണ്ടിയും ഉള്ള പ്രതിരോധമാണ് തന്റെ എഴുത്തെന്ന് അവർ പറയുന്നു (Essay, The view from within 1994).

**സൊമയ്യ റമദാൻ**

മനഃശ്ശാസ്ത്രപരമായ സങ്കീർണതകൾ കൊണ്ട് ശ്രദ്ധേയമാണ് സൊമയ്യ റമദാനിയുടെ കഥയും കഥാപാത്രങ്ങളും ആഖ്യാനവുമെല്ലാം. Leaves of Narcissus എന്ന അവരുടെ നോവൽ രണ്ടു രാജ്യങ്ങളിൽ (ഈജിപ്ത്, അയർലന്റ്) ജീവിക്കുമ്പോളുണ്ടാകുന്ന സ്വത്വസംഘർഷങ്ങളെ അടയാളപ്പെടുത്തുന്നു.

**ഹനാൻ അൽ ശൈഖ്**

സ്ത്രീ- പുരുഷബന്ധങ്ങൾ, പുരുഷന്റെ അക്രമം, അസൂയ എന്നിവയെല്ലാം അവരുടെ കഥകൾക്ക് വിഷയമാണെങ്കിലും ആയിരത്തൊന്ന് രാവുകളെ അപനിർമ്മിച്ച് കൊണ്ടെഴുതിയ കഥയാണ് നിരൂപക ശ്രദ്ധ പിടിച്ചുപറ്റിയിട്ടുള്ളത്. പതിറ്റാണ്ടുകളായി അറബ്സ്ത്രീകളുടെ ജീവിതത്തിന് ഭാരമായി നിലനിൽക്കുന്നതും സംസ്കാരത്തിൽ ആഴത്തിൽ വേരോടിയതുമായ പിതൃമേധാവിത്വ മൂല്യങ്ങളെ രചനകളിലൂടെ വെല്ലുവിളിച്ച എഴുത്തുകാരി എന്ന നിലയിൽ ശ്രദ്ധേയ. കുടിയേറ്റ ദേശജീവിതത്തിൽ മാതൃരാജ്യത്തിന്റെ സംസ്കാരം സൃഷ്ടിക്കുന്ന സംഘർഷങ്ങളെ അതീവ ഹൃദ്യമായി അനാവരണം ചെയ്യുന്ന നോവലാണ് 'ഒൺലി ഇൻ ലണ്ടൻ'. സ്വവർഗലൈംഗികതയടക്കമുള്ള അറബ് ലോകത്തെ വിലക്കപ്പെട്ട വിഷയങ്ങൾ ധീരമായി കൈകാര്യം ചെയ്ത എഴുത്തുകാരികൂടിയാണ് ഇവർ. സ്ത്രീകളുടെ വന്ധ്യത, ഗർഭമലസിപ്പിക്കൽ തുടങ്ങിയവയും അവർ വിഷയങ്ങളാക്കി.

**എമിലി നസ്രുള്ള**

നാട്ടുനടപ്പുകളുടെ കാർക്കശ്യത്തിനും പാരമ്പര്യത്തിനും ഇടയിൽ കുടുങ്ങിയ സ്ത്രീകളെ വിമോചിപ്പിക്കാനുള്ള മാർഗമായി തന്റെ എഴുത്തിനെ കണ്ട ലബനൻ എഴുത്തുകാരിയാണ് എമിലി. അന്യവത്കരണത്തിന്റെയും നിശ്ചയിച്ച വിവാഹങ്ങളുടെയും സഫലമാകാത്ത പ്രണയങ്ങളുടെയും ദുരന്തത്തെ അവർ നോവലിലൂടെ വരച്ചുകാട്ടി. യുദ്ധം തകർത്ത ലബനലിൽനിന്നും മെച്ചപ്പെട്ട ജീവിതം തേടിപ്പോയ പുരുഷന്മാർ അവശേഷിപ്പിച്ച സ്ത്രീകളും കുട്ടികൾ ഉപേക്ഷിച്ച മാതാപിതാക്കളും കുടിയേറ്റം അവശേഷിപ്പിച്ച ശൂന്യതയും സ്ത്രീകൾക്കെതിരായ മതഭ്രാന്തും ആഭ്യന്തരയുദ്ധങ്ങളുടെ ഭീകരതയുമെല്ലാം അവരുടെ എഴുത്തിനെ നിർണയിച്ച വിഷയങ്ങളാണ്.

**ലൈല ബാൽബാക്കി**

1950-60 കാലഘട്ടത്തിലെ കലാപകാരിയും അസ്തിത്വവാദിയും ആയ ലൈല ബാൽബാക്കി ലബനാനിലെ വിവാദ എഴുത്തുകാരികൂടിയാണ്. ഫെമിനിസ്റ്റ് ഐക്കണായതുകൊണ്ട് ലൈലയ്ക്ക് ലബനന്റെ 'ഫ്രാങ്കോയിസ് സാഗൻ' എന്ന വിശേഷണവുമുണ്ട്. ഹനാൻ അവാദ് അവരെ 'ആദ്യ വിപ്ലവകരമായ ഫെമിനിസ്റ്റ് പ്രസ്ഥാനം' എന്നും വിശേഷിപ്പിച്ചിട്ടുണ്ട്. തന്റെ ചെറുകഥാസമാഹാരം അധാർമികത ആരോപിച്ച് നിരോധിച്ചതിലൂടെ എഴുത്തിന് നിയമനടപടി നേരിട്ട ആദ്യത്തെ അറബ് എഴുത്തുകാരിയും അവരായി മാറി. അറബ്സമൂഹത്തിന്റെ കാപട്യത്തെ ചോദ്യം ചെയ്തുകൊണ്ട് സ്ത്രീകളുടെ ലൈംഗികതയെ ചിത്രീകരിച്ചതാണ് നിരോധനത്തിന് കാരണമായ അധാർമികത. സ്ത്രീയുടെ ബൗദ്ധികസ്വയംഭരണവും ശാക്തീകരണവും അവരുടെ എഴുത്തിന്റെ ലക്ഷ്യമായിരുന്നു. പിതൃ കേന്ദ്രീകൃത ലിംഗവ്യവസ്ഥ അടിച്ചേൽപ്പിച്ച ഏകപക്ഷീയ സാമൂഹികനിയന്ത്രണങ്ങളും റോളുകളും രക്ഷാകർതൃ പദവിയും അവരുടെ ചോദ്യംചെയ്യലിന് വിധേയമായി. 1958-ൽ രചിച്ച 'I live' എന്ന ആദ്യ നോവലിലെ കഥാപാത്രമായ ലെനയെ നിർവചിക്കുന്നത് അവരുടെ അസ്തിത്വത്തിൽ പ്രതിധ്വനിക്കുന്ന ശക്തിയും സ്വത്വത്തെക്കുറിച്ചുള്ള ബോധ്യങ്ങളും ഉറപ്പുകളുമാണ്.

**ഡെയ്സി അൽ അമീർ**

ആധുനിക അറബ്സാഹിത്യത്തിലെ മുൻനിര സ്ത്രീശബ്ദമാണ് ഇവരുടെത്. യുദ്ധത്തിന്റെ അസാധാരണ സംവേദനങ്ങൾ, ദൈനംദിനജീവിതത്തിലെ മാനസികസംഘർഷങ്ങൾ,


ISSN: 2582 - 2594

പലായനം, അന്യവത്കരണം, സ്വതന്ത്രസ്ത്രീകളുടെ വൈകാരികജീവിതം, അഭയാർത്ഥിപദവി, പഴയകാല ഓർമ്മകളും മാറിയ ലോകത്തിന്റെ പരുക്കൻയാഥാർത്ഥ്യങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ എന്നിവ അവരുടെ കഥകളിലെ പ്രമേയപരിസരമാണ്. ലെബനൻ ആഭ്യന്തരയുദ്ധം, സദ്ദാം ഹുസൈന്റെ കാലഘട്ടം, തുടങ്ങിയ രാഷ്ട്രീയ പ്രതിസന്ധിയുടെ കാലത്ത് അറബ്സ്ത്രീകളുടെ അനുഭവങ്ങളെയും സങ്കീർണസാഹചര്യങ്ങളെയും സൂക്ഷ്മമായി രേഖപ്പെടുത്തിയതിലൂടെ അവരുടെ എഴുത്ത് ശ്രദ്ധിക്കപ്പെട്ടു. ഡെയ്സി അൽ അമീറിന്റെ ഭാവി എന്ന കഥ ലബനീസ് ആഭ്യന്തര യുദ്ധഭീകരതയിൽ ഒരു സ്ത്രീയനുഭവിക്കുന്ന സംഘർഷങ്ങളെ വരച്ചിടുന്നു. ശാന്തമായ സാധാരണജീവിതം അന്യമാകുന്നതിന്റെ വേദന ലബനാനും ഇറാഖും പശ്ചാത്തലമായ കഥകളെ ഹൃദയസ്പർശിയാക്കുന്നു. ശക്തമായ സ്നേഹത്തിലൂടെ അതിജീവിക്കാൻ കഴിയാത്ത സാഹചര്യങ്ങളൊന്നുംതന്നെയില്ലെന്ന് അവരുടെ കഥകൾ അടിവരയിടുന്നു. പലായനവും പ്രവാസവും യുദ്ധവും മനുഷ്യന്റെ വിലാസങ്ങളെ അസ്ഥിരപ്പെടുത്തുന്നതിന്റെ വേദന അവർ പങ്കുവയ്ക്കുന്നു. പ്രതീകങ്ങളുടെ സമ്പന്നമായ ഉപയോഗം അവരുടെ ആഖ്യാനഭാഷയെ ആസ്വാദ്യമാക്കുന്നു.

**ലുതിഫിയ ദുലൈമി**

അറബ് പെണ്ണെഴുത്തുകാരികളോട് പ്രമേയപരമായി സാദൃശ്യം പുലർത്തുമ്പോഴും കൃത്യമായ വ്യതിരിക്തത നിലനിർത്തുന്ന എഴുത്തുകാരിയാണ് ദുലൈമി. സങ്കീർണ്ണവും പ്രതികൂലവുമായ രാഷ്ട്രീയ-സാമൂഹിക സാഹചര്യങ്ങളുടെ സ്ത്രീയനുഭവങ്ങൾക്കിടയിലും പുരോഗമനസാധ്യതകളെ എടുത്തുകാണിക്കുകയും അവരുടെ പ്രതിരോധശേഷി ചിത്രീകരിക്കുകയും ചെയ്യുന്നു എന്നതാണ് ആ വ്യതിരിക്തത. ആധുനിക സാമൂഹിക-രാഷ്ട്രീയ പ്രശ്നങ്ങളെയും പുരാതന ഇറാക്കി (ബാബിലോണിയൻ-സുമേറിയൻ) പൈതൃകവുമായുള്ള ആഴത്തിലുള്ള ബന്ധത്തെയും അഭിസംബോധന ചെയ്യുന്നുവെന്നതും അവരുടെ എഴുത്തിനെ ശ്രദ്ധേയമാക്കുന്ന ഘടകമാണ്. സ്ത്രീയുടെ ആന്തരികസംഘർഷങ്ങൾ, പ്രതിരോധം, ഏകാഗ്രത, അടിച്ചമർത്തൽ, അക്രമം, ഇറാക്കിസമൂഹത്തിലെ ഒറ്റപ്പെടൽ, ഇറാഖിലെ സ്ത്രീകൾ നേരിടുന്ന രാഷ്ട്രീയപ്രക്ഷോഭങ്ങൾ, യുദ്ധം, സാമൂഹിക അക്രമങ്ങൾ തുടങ്ങിയവയെല്ലാം അവരുടെ എഴുത്തിലെ മുഖ്യ പരിഗണനാവിഷയങ്ങളാണ്. കഥ പറച്ചിലിനെ പ്രതിരോധത്തിന്റെ സഹിഷ്ണുതയുള്ള വ്യവഹാരരൂപമായി അവർ സ്ഥാപിച്ചെടുക്കുന്നു. മനഃശാസ്ത്രപരമായ ആഴം ഉൾക്കൊള്ളുന്നതും സാമൂഹ്യരാഷ്ട്രീയ വിമർശനപരവുമായ കഥാപാത്രസൃഷ്ടിയിലൂടെ അസ്തിത്വപരമായ വെല്ലുവിളികളെ നേരിടുന്നതിൽ സ്ത്രീകളുടെ ശബ്ദങ്ങൾക്ക് അവർ നൽകുന്ന പ്രാധാന്യം ശ്രദ്ധേയമാണ്.

**മെയ് മുസാഫർ**

ഏകാന്തതയുടെയും രാഷ്ട്രീയഉത്കണ്ഠയുടെയും സൂക്ഷ്മമായ ചിത്രീകരണത്തിലൂടെ ശ്രദ്ധിക്കപ്പെട്ട എഴുത്താണ് മെയ് മുസാഫറിന്റേത്. 'waiting for the Jailer' പോലുള്ള കഥകൾ ഇതിനുദാഹരണമാണ്. പ്രവാസം, സാമൂഹികസമ്മർദ്ദം സ്ത്രീകളുടെ ജീവിതത്തിൽ ഉണ്ടാക്കുന്ന സംഘർഷങ്ങളുടെ പ്രത്യാഘാതങ്ങൾ എന്നിവ എടുത്തുകാണിക്കുന്നു.

**ഇനാം കച്ചാച്ചി**

ജീവിതത്തിന്റെ അർത്ഥം കണ്ടെത്താനുള്ള സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള അന്വേഷണമാണ് അവരുടെ എഴുത്തുകൾ. സുന്നികളും ശിയാക്കളുമായി വിഭജിക്കപ്പെട്ടു കിടക്കുന്ന ഇറാഖ്

സമൂഹത്തിന്റെ സംഘർഷങ്ങളെ എഴുത്തിലൂടെ അനാവരണം ചെയ്തിട്ടുണ്ട്. കൂടാതെ യുദ്ധാനന്തര ഇറാക്കിന്റെ സാമൂഹിക-രാഷ്ട്രീയ സാഹചര്യങ്ങൾ, പലായനം, ഇറാക്കിസമൂഹത്തിലെ രാഷ്ട്രീയഅസ്ഥിരത, ഇറാക്കി സ്ത്രീകൾ നേരിടുന്ന വെല്ലുവിളികൾ, കുടിയേറ്റം, രാഷ്ട്രീയപ്രവാസം തുടങ്ങിയ പ്രശ്നപരിസരങ്ങളേയും അവർ തന്റെ കഥകൾക്ക് വിഷയമാക്കുന്നു.

**ലയാന ബാദർ**

ദൈനംദിന ഫലസ്തീനിയൻ ജീവിതാനുഭവങ്ങളുടെ ചരിത്രവത്കരണമായി ബാദറിന്റെ എഴുത്തുകളെ കാണാം. ഫലസ്തീനിയൻ സാഹിത്യത്തിലെ പരമ്പരാഗത രചനാരീതികളെയും രേഖീയമായ കഥ പറച്ചിലിനെയും ആൺകോയ്മാപരമായ മാനദണ്ഡങ്ങളെയും തകർത്തുകൊണ്ട് പുതിയൊരു ആഖ്യാന രീതി കൊണ്ടുവന്ന പ്രശസ്ത ഫലസ്തീനിയൻ നോവലിസ്റ്റാണ് ലയാന ബാദർ. സ്ത്രീപ്രശ്നം, യുദ്ധം, പ്രവാസം, ഫലസ്തീനിയൻ സ്ത്രീകളുടെ യാതനകൾ, ഇസ്രായേൽ അധിനിവേശം, ഏകാന്തത, സാമൂഹികവും വൈകാരികവുമായ സ്ത്രീയവസ്ഥ എന്നിവയെല്ലാം അവരുടെ കഥകൾക്ക് വിഷയമായി.

**സാമിറ അസ്സാം**

പ്രശസ്ത ഈജിപ്ഷ്യൻ നിരൂപക രാജാ നഖാഷ് 'Literature of exile' എന്ന് സാമിറ അസ്സാമിന്റെ എഴുത്തുകളെ വിശേഷിപ്പിക്കുന്നു. ഇരുപതാം നൂറ്റാണ്ടിലെ അറബിസാഹിത്യത്തിലെ പ്രധാന സ്ത്രീ ശബ്ദങ്ങളിൽ ഒന്നാണ് സാമിറ അസ്സാമിന്റേത്. 'ഗോൾ ഓഫ് ദ കോസ്റ്റ്' എന്ന വിശേഷണവും ഇവർക്കുണ്ട്. ഫലസ്തീൻസ്വത്വം, സ്ത്രീകളുടെ സാമൂഹ്യപദവി, അഭയാർത്ഥിജീവിതം, സാമൂഹികശ്രേണികൾ തുടങ്ങിയ വിഷയങ്ങളെ എഴുത്തിലൂടെ പ്രശ്നവത്കരിക്കുന്നു.

**ലൈല ഹലബി**

'ജോർദാനിന് പടിഞ്ഞാറ്' എന്ന നോവലിലൂടെ ശ്രദ്ധിക്കപ്പെട്ട എഴുത്തുകാരിയാണ് ലൈല ഹലബി. പുരുഷാധിപത്യം, സംസ്കാരങ്ങൾ, രാഷ്ട്രീയചിന്തകൾ എന്നിവയ്ക്കിടയിലുള്ള അതിർത്തിപ്രദേശങ്ങളിൽ പോരാടുന്ന നാല് ഫലസ്തീനിയുവതികളുടെ ജീവിതത്തെക്കുറിച്ചുള്ള ആഴത്തിലുള്ള വിശകലനമാണ് ഈ കൃതി. ദേശീയ-വംശീയ ലൈംഗികസ്വത്വങ്ങളുമായി പൊരുതുന്ന പെൺകുട്ടികളുടെ ജീവിതം, സൗഹൃദങ്ങൾ, പ്രണയങ്ങൾ എന്നിവയിലേക്ക് ലൈലാഹലബി തന്റെ വായനക്കാരെ നയിക്കുന്നു. മതവിശ്വാസം, സാംസ്കാരികപാരമ്പര്യം, ലിംഗരാഷ്ട്രീയം, കൊളോണിയൽ-പോസ്റ്റ് കൊളോണിയൽ സ്ഥലങ്ങൾ, കുടിയേറ്റം, നിർബന്ധിതപ്രവാസം, സങ്കരരാഷ്ട്രീയ അവബോധം എന്നിവയെല്ലാം അവരുടെ കഥകളുടെ പ്രമേയങ്ങളാണ്.

**സഹർ ഖലീഫ**

'ഫലസ്തീൻ സാഹിത്യത്തിലെ വിർജീനിയ വൂൾഫ്' എന്നു വിശേഷിപ്പിക്കപ്പെടുന്ന എഴുത്തുകാരിയാണ് സഹർ ഖലീഫ. ഫലസ്തീനിലെ ആദ്യ സ്ത്രീപക്ഷ ശബ്ദങ്ങളിൽ ഒന്നായി അവരുടെ എഴുത്തുകൾ വിലയിരുത്തുന്നു. പട്ടാളവാഴ്ച്ചയ്ക്കിടയിലെ സ്ത്രീജീവിതത്തിന്റെയും ലിംഗഭേദത്തിന്റെയും സാഹചര്യങ്ങളെ സൂക്ഷ്മമായി ആവിഷ്കരിക്കുന്നതിൽ പ്രത്യേക വൈഭവം പുലർത്തുന്നു. അധിനിവേശവും പ്രതിരോധവും നിറഞ്ഞ ധീരരായ ഒരു ജനതയുടെ ലിംഗസമ

ത്വത്തിലേക്കുള്ള മന്ദസഞ്ചാരവും പുരോഗതിയുമാണ് അവരുടെ എഴുത്തുകളിലെ കേന്ദ്രബിന്ദു. പരമ്പരാഗത സമൂഹത്തിലെ സ്ത്രീയുടെ സംഘർഷങ്ങൾ, വർഗ്ഗ സംഘർഷം, സ്ത്രീകളോടുള്ള വിവേചനം, ഇസ്രായേൽ അധിനിവേശത്തിനെതിരായുള്ള സ്ത്രീകളുടെ ചെറിയ പ്രതിരോധം എന്നിവ എഴുത്തിലെ മുഖ്യ പരിഗണനാവിഷയങ്ങളാണ്. ലിംഗവിവേചനത്തോടൊപ്പം അർദ്ധ ചരിത്ര സ്വഭാവമുള്ള രചനകളിലേക്ക് അവർ പിന്നീട് തന്റെ എഴുത്തിനെ പരിണമിപ്പിക്കുന്നു. 'സൂര്യകാന്തി' എന്ന നോവൽ ഫലസ്തീൻസമൂഹത്തിലെ സ്ത്രീയുടെ സ്ഥാനത്തെ പ്രശ്നവത്കരിക്കുന്നു. പരമ്പരാഗത സാമൂഹ്യവ്യവസ്ഥയ്ക്കകത്തെ പിതൃമേധാവിത്വ സംവിധാനത്തിനെതിരെ സ്വയം വിമോചനത്തിനായുള്ള സ്ത്രീയുടെ സമരങ്ങളെ ആഴത്തിൽ വിശകലനം ചെയ്യുന്നതാണ് ഈ കൃതി. 'ഗാസയിലേക്കുള്ള വഴി' എന്ന നോവലും ലിംഗവിവേചനത്തെ പ്രതിനിധീകരിക്കുന്നു. ഫലസ്തീനിയൻ സാമൂഹ്യസംവിധാനത്തിന്റെ മാർക്സിയൻവായനയും വിശകലനവും കൂടിയാണ് ഈ നോവൽ. 'അധികകാലം ഞങ്ങൾ നിങ്ങളുടെ അടിമകളാവില്ല' തുടങ്ങിയ ആദ്യകാലം മുതലുള്ള നോവലുകളിൽ വിവാഹം, രാഷ്ട്രീയം എന്നിവയെക്കുറിച്ചുള്ള സാങ്കല്പികചിത്രീകരണങ്ങളും കാണാം.

**ഹുസാമ ഹബായെബ്**

ഭാഷയുടെയും രൂപകങ്ങളുടെയും സമ്പന്നതകൊണ്ട് ശ്രദ്ധിക്കപ്പെട്ട എഴുത്തുകാരി. ദേശചലനത്തിന്റെ വേരുകളാണ് പലപ്പോഴും കഥകളുടെ അന്വേഷണ വിഷയം.

**ഗാഥാ സമ്മാൻ**

അറബ് സ്ത്രീവാദസാഹിത്യത്തിലെ മുൻനിര ശബ്ദമാണ് ഗാഥാസമ്മാൻ. സ്ത്രീസമത്വത്തിനുവേണ്ടി വാദിക്കുകയും പിതൃമേധാവിത്വ മൂല്യങ്ങളെ ചോദ്യംചെയ്യുകയും ചെയ്ത ആദ്യ എഴുത്തുകാരികളിൽ ഒരാൾ. മൂല്യനഷ്ടം, ലബനീസ് ആഭ്യന്തരയുദ്ധം, സ്നേഹത്തിന്റെ സങ്കീർണ്ണത, ആധുനിക അറബ് സമൂഹത്തിന്റെ സംഘർഷങ്ങൾ എന്നിവയെല്ലാം എഴുത്തിനു വിഷയമാക്കുന്നു. യുദ്ധം സ്ത്രീയിൽ ഉണ്ടാക്കുന്ന മാനസികാഘാതത്തെ മനഃശാസ്ത്രപരമായി തന്റെ നോവലിലൂടെ വിശകലനം ചെയ്യാൻ ശ്രമിക്കുന്നു. 'മനുഷ്യാവകാശങ്ങൾക്ക് വേണ്ടിയുള്ള എഴുത്തുകൾ' എന്ന് അവരുടെ രചനയെ പൊതുവേ പറയാം. ശുഭാപ്തിവിശ്വാസമുള്ള പ്രതീക്ഷാനിർഭരമായ അന്ത്യത്തോടുകൂടിയുള്ള അവരുടെ രചനകൾ മാനവികതയുടെ ആഴം വ്യക്തമാക്കുന്നു. സ്വപ്നം, ഭ്രാന്ത്, ദിവാസ്വപ്നം, പ്രാർത്ഥന തുടങ്ങിയ സങ്കേതങ്ങൾ എഴുത്തിൽ സമർത്ഥമായി ഉപയോഗിക്കുന്നു.

**നാദിയ അൽഖാസി**

സിറിയയിലെ സാമൂഹ്യജീവിതം, സാംസ്കാരിക ഓർമ്മകൾ, പൈതൃകം എന്നിവ വിഷയമാക്കി എഴുത്തിൽ ഇടപെട്ടു.

**രാജാ ആലം**

സ്വത്വം, സാമൂഹ്യമാറ്റം, വ്യക്തിഗത ചരിത്രം എന്നിവ വിഷയമാക്കി എഴുത്തിൽ ഇടപെടുന്നു.

**ഖൈറിയ ഇബ്രാഹിം അൽ സഖാഫ്**

1980കളിലെ പുതുതലമുറ എഴുത്തുകാരികളിൽ ശ്രദ്ധേയ. സൗദി ചെറുകഥാസാഹിത്യത്തിലെ എണ്ണപ്പെട്ട സ്ത്രീ ശബ്ദം. സൗദിസാഹിത്യത്തെ പരമ്പരാഗത രചനാരീതികളിൽനി

ന്നും കൂടുതൽ സങ്കീർണവും പ്രതീകാത്മകവും ആധുനികവുമായ ആഖ്യാനങ്ങളിലേക്ക് വഴി തിരിച്ചുവിട്ടു എന്ന നിലയിൽ പ്രസക്ത.

**ഉമൈമ അൽ ഖാമിസ്**

എണ്ണയ്ക്കു മുമ്പുള്ള സൗദിഅറേബ്യയുടെ സാമൂഹ്യരാഷ്ട്രീയ ചരിത്രം ഫെമിനിസ്റ്റ് കാഴ്ചപ്പാടിലൂടെ രേഖപ്പെടുത്തിയതിന്റെ പേരിൽ ശ്രദ്ധിക്കപ്പെട്ട എഴുത്തുകാരി. രൂപകങ്ങൾ നിറഞ്ഞ ആഖ്യാനഭാഷകൊണ്ട് സാമൂഹ്യവിലക്കുകളെ വെല്ലുവിളിക്കുകയും തദ്ദേശീയ യാഥാസ്ഥിതികത്വത്തിനെതിരെയും പിതൃ മേധാവിത്വത്തിനെതിരെയും നിലകൊള്ളുകയും ചെയ്തു. സമ്പന്നവും കാവ്യാത്മകവുമായ അവരുടെ ഭാഷ വ്യാപകമായ സ്വീകാര്യത നേടി. അറബ് ലോകത്തെ സാംസ്കാരികമായി മനസ്സിലാക്കാനുള്ള ഉപാധിയായി അവരുടെ എഴുത്തുകളെ ലോകം മനസ്സിലാക്കി. ചരിത്രം, സംസ്കാരം, ലിംഗഭേദം, സാമൂഹ്യമാറ്റം എന്നിവയൊക്കെ എഴുത്തിനു വിഷയമായി. സൗദി പശ്ചാത്തലത്തിൽ സ്ത്രീ സ്വത്വത്തിന്റെ സങ്കീർണതകളും സാംസ്കാരികവും കുടിയേറ്റപരവുമായ സ്ഥാനചലനത്തെയും അവർ പ്രമേയമായി സ്വീകരിച്ചിട്ടുണ്ട്. അവരുടെ കൃതികൾ സാംസ്കാരിക പരിവർത്തനങ്ങൾക്കിടയിൽ സ്ത്രീകളുടെ അനുഭവങ്ങളെ മാനുഷികവത്കരിക്കുന്നവ എന്ന നിലയിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ആധുനികതയും യാഥാസ്ഥിതികത്വവും തമ്മിലുള്ള സംഘർഷങ്ങൾ അവരുടെ രചനകളിലെ മുഖ്യ പ്രശ്നമാണ്. നവോത്ഥാനത്തിന്റെയും പരിഷ്കാരങ്ങളുടെയും പ്രതീക്ഷാനിർഭരമായ രചനകളാണ് ഇവരുടേത്. സ്ത്രീകളെ പൊതുവിടങ്ങളിൽനിന്നും വിദ്യാഭ്യാസത്തിൽനിന്നും അകറ്റിനിർത്തിയ ലിംഗ വിവേചനത്തിനെതിരെ എഴുത്തിനെ ആയുധമാക്കി. വാമൊഴിപാരമ്പര്യങ്ങളുടെ ഗാനാത്മകതയും ആധുനികശൈലിയും കോർത്തിണക്കിയ ഗദ്യത്തിലൂടെ കഥപറച്ചിലിന്റെ അടുക്കുകൾ സൃഷ്ടിക്കാൻ അവർക്ക് കഴിഞ്ഞിട്ടുണ്ട്. വൈകാരികമായ വിഷയങ്ങളിൽ പ്രത്യക്ഷവും പ്രകോപനപരവുമായ ഏറ്റുമുട്ടൽരീതി ഒഴിവാക്കി വിശാലമായ മനുഷ്യാനുഭവങ്ങളിൽ വിമർശനം ഉൾച്ചേർക്കുന്ന സംയോജിതവും സമഗ്രവുമായ ആഖ്യാനങ്ങൾ സ്വീകരിച്ചുകൊണ്ട് നയപരമായ രചനാരീതി സ്വീകരിക്കുന്നു.

**മറിയം അൽ സഊദി**

എമിറേറ്റ് സമൂഹത്തിന്റെ സാംസ്കാരികമാറ്റങ്ങളെയും തലമുറകളുടെ മാറ്റങ്ങളെയും സൂക്ഷ്മമായി അടയാളപ്പെടുത്തുന്ന രചനകൾകൊണ്ട് ശ്രദ്ധേയ. ആധുനിക എമിറേറ്റ് സാഹിത്യത്തിലെ അറിയപ്പെടുന്ന ശബ്ദം യു.എ.ഇ.യിലെ പഴയ തലമുറയുടെയും പുതുതലമുറയുടെയും ജീവിത ശൈലി, മൂല്യബോധം, ചിന്താഗതി, സ്വാതന്ത്ര്യബോധം തുടങ്ങിയ വൈരുദ്ധ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ദേശത്തിന്റെ സാമൂഹികമാറ്റങ്ങളെയും സ്ത്രീയുടെ ദൈനംദിന ജീവിതാനുഭവങ്ങളെയും സാംസ്കാരികമായി അടയാളപ്പെടുത്തുന്നു. അറബ് സാഹിത്യത്തിൽ യാഥാർത്ഥ്യബോധമുള്ളതും എന്നാൽ ചിലപ്പോൾ പരമ്പരാഗതവുമായ ഭാവുകത്വം കൊണ്ടുവന്നതിന് മറ്റ് വനിതാഎഴുത്തുകാരോടൊപ്പം മറിയം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ആത്മവികാസത്തിന്റെയും വ്യക്തിപരമായ സ്വാതന്ത്ര്യത്തിന്റെയും അന്വേഷണമാണ് അവരുടെ 'The seagulls of the Guevara' എന്ന കൃതി.

**ഫൗസിയ റാഷിദ്**

ഗൾഫ് സാഹിത്യത്തിലെയും ആധുനിക ബഹറൈൻ സാഹിത്യത്തിലെയും മുൻനിര ശബ്ദം. അറബ് സ്വത്വത്തിന്റെ സങ്കീർണതകളും സാമൂഹികപ്രശ്നങ്ങളും എഴുത്തിനു വിഷയമാക്കി.

 ISSN: 2582 - 2594

**ബുഷ്റ ഖൽഫാൻ**

ഒമാൻ ചരിത്രത്തെക്കുറിച്ച് ഉൾക്കാഴ്ച നൽകുന്ന രചനകൾ കൊണ്ട് ശ്രദ്ധേയയായ പ്രമുഖ ഒമാനി നോവലിസ്റ്റ്. മസ്കറ്റിന്റെ സാമൂഹ്യചരിത്രവും പാർശ്വവത്കൃത സ്ത്രീകളുടെ സംഘർഷങ്ങളും സാധാരണക്കാരുടെ ജീവിതവും ചിത്രീകരിക്കുന്നു. 'ദിൽഷാദ്'' എന്ന നോവൽ ദാരിദ്ര്യം, സാമൂഹികമാറ്റം തുടങ്ങിയവ വിഷയമാക്കുന്നു. ഒമാനി വാമൊഴിപാരമ്പര്യങ്ങളെ ആഴത്തിൽ സ്വാംശീകരിക്കുന്നതിനും ചരിത്രസംഭവങ്ങളെ സാങ്കല്പിക വിവരങ്ങളുമായി അനിതരസാധാരണമായ വിശ്വാസ്യതയോടെ ബന്ധിപ്പിക്കാനുള്ള കഴിവിലും ഖൽഫാന്റെ കൃതികൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഒരു കാലഘട്ടത്തിലെ സ്ത്രീകളെ വിവിധരീതിയിൽ സ്വാധീനിച്ച ബഹുവിധഘടകങ്ങളെ കണ്ടെത്തുന്നതിലും ചിത്രീകരിക്കുന്നതിലും സവിശേഷ വൈഭവം പുലർത്തുന്നു. അധികാര ബന്ധങ്ങളുടെയും നിർവാഹകശേഷിയുടെയും രൂപീകരണത്തെ സ്വാധീനിക്കുന്നതിൽ ലിംഗപരമായ സ്ഥലവിഭജനത്തിനുള്ള പ്രാധാന്യം തിരിച്ചറിഞ്ഞ അവർ പരമ്പരാഗതമായി സ്ത്രീകൾക്ക് നിർണയിക്കപ്പെട്ട അതിരുകളെ വെല്ലുവിളിക്കുകയും പൊതുവിടത്തിലേക്കുള്ള അവരുടെ പ്രവേശനത്തെ പിന്തുണയ്ക്കുകയും ചെയ്യുന്നു.

**ലൈല അൽ ഒത്ത് മാൻ**

അറബ് സാഹിത്യലോകത്തെ പ്രമുഖ ഫെമിനിസ്റ്റ് ശബ്ദമാണ് ഈ കുവൈത്ത് നോവലിസ്റ്റ്. സാമൂഹ്യവിലക്കുകളെ സധൈര്യം ചോദ്യംചെയ്യുന്നതിലൂടെ പ്രശസ്തയായി. സ്ത്രീകളുടെ ആന്തരികവും ബാഹ്യവുമായ സംഘർഷങ്ങളെയും ലിംഗവിവേചനങ്ങളെയും ആവിഷ്കരിക്കുന്നു. ആധുനിക കുവൈത്ത് സാഹിത്യത്തിന് അടിത്തറയിട്ട എഴുത്തുകാരിൽ പ്രധാനി. സ്ത്രീവിമോചനം, സാമൂഹികമാറ്റം എന്നിവ എഴുത്തിന്റെ ലക്ഷ്യമായി അവർ കണ്ടു. സ്വാതന്ത്ര്യം ആഗ്രഹിക്കുന്ന സ്ത്രീകൾക്ക് പിതൃമേധാവിത്വ സമൂഹത്തിൽ എന്നും അനുഭവിക്കേണ്ടിവരുന്ന പ്രയാസങ്ങളും പ്രശ്നങ്ങളും അതിസൂക്ഷ്മമായ രാഷ്ട്രീയ ബോധത്തോടെ അനാവരണം ചെയ്യാൻ അവർക്ക് സാധിച്ചു. യഥേഷ്ടം ചലിക്കാനും തൊഴിൽ ചെയ്യാനും ഇണയെ കണ്ടെത്താനും താമസിക്കാനും ലൈംഗികതയ്ക്കും ശരീരത്തിനുമേലും സന്തോഷത്തിനും വിലക്കുകളില്ലാത്ത സ്വാതന്ത്ര്യമാണ് സ്വാതന്ത്ര്യം എന്നവർ തിരിച്ചറിയുകയും അതിനായി നിലകൊള്ളുകയും ചെയ്തു.

**റംസിയ അബ്ബാസ് അൽ ഇർയാനി**

1970ൽ പ്രസിദ്ധീകരിച്ച 'അത്യാഗ്രഹത്തിന്റെ ഇര' എന്ന നോവലിലൂടെ യെമനിലെ ആദ്യ സ്ത്രീ നോവലിസ്റ്റ് ആയി. പരമ്പരാഗത കഥപറച്ചിലിനും ആധുനിക സ്ത്രീവാദ വ്യവഹാരങ്ങൾക്കും ഇടയിലുള്ള വിടവിലെ പാലമായിവർത്തിക്കുന്ന എഴുത്ത്. യെമൻസമൂഹത്തിലെ സ്ത്രീവിദ്യാഭ്യാസം, അംഗീകൃത വിവാഹം, ലിംഗപ്രശ്നങ്ങൾ, പുരുഷാധിപത്യ നിയന്ത്രണങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിൽ നിപുണ. അറബ്സാഹിത്യത്തിൽ സവിശേഷവും തദ്ദേശീയവുമായ സ്ത്രീവാദവീക്ഷണം നൽകിയതിലൂടെ അവരുടെ എഴുത്തുകൾ ശ്രദ്ധിക്കപ്പെട്ടു.

**ഷോർ വാണിസി (സോഹ്ർ)**

അൾജീരിയയിലെ അറബി ഭാഷാസാഹിത്യത്തിന്റെ തുടക്കക്കാരിയായ പ്രമുഖ എഴുത്തുകാരി. ഒരു 'സ്വതന്ത്രസ്കൂൾ അധ്യാപികയുടെ ഡയറി' എന്ന കൃതി അതിലെ ജീവിതാവിഷ്കാരം കൊണ്ട് ശ്രദ്ധേയമായി. കോളനിയനന്തര അൾജീരിയയിലെ സ്ത്രീകളുടെ അനുഭവങ്ങൾ, വിദ്യാഭ്യാസം, സാമൂഹികപ്രശ്നങ്ങൾ എന്നിവയെല്ലാമാണ് എഴുത്തിലെ മുഖ്യ പരിഗണനാവിഷയങ്ങൾ.

**നജവ ബെൻ ശത്വാൻ**

പ്രമുഖ ലിബിയൻ നോവലിസ്റ്റും സ്ത്രീ അറബ് എഴുത്തുകാരിയുമാണ് നജവ ബെൻ ശത്വാൻ. വിലക്കപ്പെട്ട വിഷയങ്ങൾ പ്രമേയമാക്കി അവർ രചിച്ച നാടകം ഏറെ ശ്രദ്ധ നേടി. 'The slave yards' എന്ന നോവൽ ലിബിയയിലെ അടിമത്തചരിത്രം അന്വേഷിക്കുകയും സ്ത്രീകളിൽ അത് ഏൽപ്പിച്ച ആഘാതത്തെ പഠിക്കുകയും ചെയ്യുന്നു. സ്ത്രീയുടെ അരികുവത്കരണവും സംഘർഷങ്ങളും രാഷ്ട്രീയസംഘർഷങ്ങളും എഴുത്തിൽ വിഷയമാക്കി.

**ലൈല അബൂലൈല**

സുഡാനിലെ പ്രമുഖ കോളനിയനന്തര മുസ്ലിം എഴുത്തുകാരിയാണ് ലൈല അബൂ ലൈല. ഇസ്ലാമിക ആത്മീയത, സ്വത്വം, മുസ്ലിം സ്ത്രീയനുഭവങ്ങൾ, കുടിയേറ്റം തുടങ്ങിയ വിഷയങ്ങൾ എഴുത്തിൽ പ്രമേയമായി കടന്നുവരുന്നു. പടിഞ്ഞാറൻസാഹചര്യങ്ങളും ഇസ്ലാമികവിശ്വാസങ്ങളും തമ്മിലുള്ള സംഘർഷം സുഡാനിയൻ സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും ചിത്രീകരണത്തിലൂടെയും പലപ്പോഴും സൂഫി ഘടകങ്ങൾ ഉൾപ്പെടുത്തി ആധുനികലോകത്തിലെ ഇസ്ലാമികവിശ്വാസത്തിന്റെ സൂക്ഷ്മമായ വീക്ഷണം നൽകുന്നതിലൂടെയും അവരുടെ കൃതികൾ ആഘോഷിക്കപ്പെടുന്നു. സ്ത്രീവാദവും ഇസ്ലാമികവിശ്വാസവും തമ്മിലുള്ള സംവാദത്തെ തുറന്ന മനസ്സോടെ അവർ സ്വീകരിക്കുന്നു. ആണത്തത്തെ സംബന്ധിച്ച ഇസ്ലാമികനിർമ്മിതികളെയും സൈദിന്റെ ഓറിയന്റലിസ്റ്റ് കാഴ്ചപ്പാടുകളെയും അവർ വെല്ലുവിളിക്കുന്നു. ഇസ്ലാമികപാരമ്പര്യത്തിൽ വേരുകളൂന്നിയ പുരോഗമനാത്മകവും സാമൂഹികമായി വ്യാപൃതവുമായ ആണത്ത മാതൃക അവർ ആവിഷ്കരിക്കുന്നു.

**ഉപസംഹാരം**

1970 മുതലുള്ള അറബി പെണ്ണെഴുത്തുകളെ വിലയിരുത്തുമ്പോൾ യുദ്ധം, കുടിയേറ്റം, പ്രവാസം, നിരാശ, പിതൃമേധാവിത്വ വ്യവസ്ഥിതി, ആഭ്യന്തരസംഘർഷങ്ങൾ, രാഷ്ട്രീയപ്രവാസം, സ്വത്വപ്രതിസന്ധികൾ തുടങ്ങിയ വിഷയങ്ങളാണ് എഴുത്തിൽ സാധാരണയായി കാണുന്നത്. അത്തരം അനുഭവങ്ങളുടെ യഥാതഥമായ ആവിഷ്കാരമാണ് അവരുടെ ഭാവനാവ്യാപാരങ്ങളെക്കാൾ ശക്തമായി നിലകൊള്ളുന്നത്. സങ്കീർണവും വൈരുദ്ധ്യങ്ങൾ നിറഞ്ഞതും പ്രയാസമേറിയതുമായ യാഥാർത്ഥ്യങ്ങളെ എഴുത്തിൽ ആവിഷ്കരിച്ചുകൊണ്ട് എഴുത്തിനെ സാമൂഹികമാറ്റത്തിനുള്ള ഉപാധിയായും പ്രതിരോധമായും ചരിത്രവത്കരണമായും നിലനിർത്താനാണ് അത്തരം എഴുത്തുകൾ ശ്രദ്ധ കേന്ദ്രീകരിച്ചത്. ദേശീയപോരാട്ടം, ആഭ്യന്തരയുദ്ധം, രാഷ്ട്രീയ-സാമൂഹിക സമ്മർദ്ദം, അഴിമതി എന്നിവയെക്കുറിച്ചും എഴുതിയതിനു പുറമേ സ്ത്രീ -പുരുഷബന്ധങ്ങളും പുരുഷന്മാരുടെ ആധിപത്യം സമൂഹത്തിലെ സ്ത്രീകളുടെ സ്ഥാനത്തെയും പദവിയെയും എങ്ങനെ ബാധിക്കുന്നുവെന്നും അവർ വിശകലനം ചെയ്തു. സ്ത്രീയുടെ നോട്ടപ്പാടിലൂടെയും പൗരയുടെ നോട്ടപ്പാടിലൂടെയും പുരുഷനെയും പുരുഷകേന്ദ്രീകൃത മൂല്യ സാംസ്കാരിക വ്യവസ്ഥകളെയും പ്രശ്നവത്കരിക്കുകയാണ് അവർ എഴുത്തിൽ ചെയ്തത്. അതേസമയം പുരുഷന്മാരുടെ പരമ്പരാഗത സാഹിത്യരചനാരീതികളിൽനിന്നും ഭാഷകൊണ്ടും രചനാരീതികൊണ്ടും വ്യത്യസ്തത പുലർത്തണമെന്ന ശാഠ്യം അവർ പുലർത്തുന്നതായി കാണാം. റിയലിസ്റ്റ് നോവലിന്റെ സങ്കേതങ്ങളും ആത്മകഥാരീതിയും ചരിത്രാഖ്യാനരീതിയുമെല്ലാം അവർ


ISSN: 2582 - 2594

മാറിമാറി ഉപയോഗിക്കുന്നുണ്ട്. അവരുടെ ആവശ്യങ്ങൾക്കുതകുന്ന സവിശേഷശൈലിയും അവർ കണ്ടെത്തിയതായി കാണാം.

## ആധാരസൂചി


ഖുദ്സി എസ്.എ., (2013). (പരിഭാഷ) *അറബി പെൺകഥകൾ,* ഒലിവ് പബ്ലിക്കേഷൻസ്, കോഴിക്കോട്. https://ijmr.net.in/current/2022/September,-2022/3DBGJW7JOkuiqUk.pdf

https://www.arabworldbooks.com/en/authors/salwa-bakr Caroline Seymour-Jorn, *A New Language: Salwa Bakr on Depicting Egyptian Women's Worlds*, Critical Middle Eastern Studies (Fall 2002), 11(2), 151-176, Carfax Publishing, Taylor & Francis Group https://ijmr.net.in/current/2022/September,-2022/3DBGJW7JOkuiqUk.pdf

Shaw, S.H. (2023). Activism, Advocacy, and Rebellion: Arab Women Through the Work of Nawal El Saadawi. In: Mayer, CH., et al. Women's Empowerment for a Sustainable Future. Springer, Cham. https://doi.org/10.1007/978-3-031-25924-1_46

https://www.arabworldbooks.com/en/authors/salwa-bakr

Falih Mahdi Jabur Al-Zamili, *The concept of time in Inaam Kachachis novel Al-Nabeeza, (The Outcast)* International journal of advanced academic studies,2023, Vol. 5, Issue 5,Part A

Ghada Samman: A Writer of Many Layers By Pauline Homsi Vinson Al Jadid Magazine, Vol. 8, No. 39, Spring 2002.

Bouthaina Shaaban, *What Are Arab Women Authors Writing About? Arab Women Writers: "Are There Any?",* Washington Report on Middle East Affairs, February 1993, Page 36

Maman Lesmana, *The Activities of Arab Women in the Field Of Literature,* International Journal of Humanities and Social Science Invention (IJHSSI), www.ijhssi.org ||Volume 8 Issue 03 Ser. IV ||, March. 2019 || PP 63-67

https://grokipedia.com/page/umaima_al_khamis

Almaeen, M. (2026). *'The word with an aura': hunger and women's agency in Bushra Khalfan's Dilshad.* Cogent Arts & Humanities,13(1). https://doi.org/10.1080/23311983.2026.2623734

Claire Gail, An Interview with Leila Aboulela, June 2009, Contemporary Women s Writing, 3(1):86-102, DOI:10.1093/cww/vpp003

Quawas, Rula (2014). Pinched Lives and Stolen Dreams in Arab Feminist Short Stories. Journal of International Women's Studies, 15(1), 54-66. Available at: https://vc.bridgew.edu/jiws/vol15/iss1/4

Sadek, R.(2018). The Representations of Gender and Sexuality in Contemporary Arab Women's Literature: Elements of Subversion and Resignification. (Doctoral dissertation). Retrieved from https://scholarcommons.sc.edu/etd/4766